	2001	2004
	സെപ്തംബർ–ഒക്ടോബർ	സെപ്തംബർ–ഒക്ടോബർ
പൂവാർ	63	59
തിരു: സിറ്റി	130	110
തിരു: സെൻട്രൽ	97	81
വെള്ളനാട്	43	45
വെഞ്ഞാറമൂട്	14	37
വികാസ്ഭവൻ	80	76
വിതുര	18	29
വിഴിഞ്ഞം	60	72
വെള്ളറട	25	31

(ബി) തലസ്ഥാന നഗരിയിൽ വളരെ കാര്യക്ഷമമായ ഒരു പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ പുതിയ ബസ്സുകൾ വാങ്ങി നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രരംഭ നടപടിയെന്ന നിലവിൽ 3 ലോ ഫ്ളോർ (അനന്തപുരി എയർ ബസ്സ്) ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി. ഒരു ലോ ഫ്ളോർ ബസ്സ് ഉടൻ നിരത്തിലിറക്കുന്നതാണ്. 150 പുതിയ അനന്തപുരി ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും താമസംവിനാ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനുപുറമെ 54 മിനി ബസ്സുകളും തലസ്ഥാന നഗരിയിലെ സമീപ ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്നുണ്ട്.

(സി) 2001–2003 കാലയളവിൽ തിരുവനന്തപുരം ജില്ലയിൽ തുടർച്ചയായി നഷ്ടത്തിൽ ഓടിയിരുന്ന ഏതാനും ഷെഡ്യൂളുകൾ നിർത്തൽ ചെയ്തു. ഇതിൽ 11 എണ്ണം സമയത്തിനും റൂട്ടിനും വ്യത്യാസം വരുത്തി യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.–ക്കും ഗുണകരമായ രീതിയിൽ പുനഃസ്ഥാപിക്കുകയുണ്ടായി.

(ഡി) വികാസ്ഭവനിൽ നിന്നും പേരൂർക്കടയിൽ നിന്നും ഓരോ സർവ്വീസും തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്നും 7–ഉം, പാപ്പനംകോട് നിന്ന് 14–ഉം പുതിയ സർവ്വീസുകൾ ആരംഭിച്ചു.

(ഇ) മിനി ബസ് സർവ്വീസ് ഒഴികെയുള്ള എല്ലാ ഓർഡിനറി സിറ്റി ബസ്സുകളിലും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്.

(എഫ്) ബസ്സുകളുടെ ലഭ്യത അനുസരിച്ച് സർവ്വീസ് നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉടുമ്പൻചോല താലൂക്കിൽ നിന്നുള്ള പുതിയ സർവ്വീസുകൾ

67 [554] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത രംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന ഉടുമ്പൻചോല താലൂക്കിലെ ശാന്തൻപാറയിൽ നിന്നും തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസ് പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഉടുമ്പൻചോല താലൂക്കിലെ വിവിധ പട്ടണങ്ങളിൽ നിന്നും കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സർവ്വീസുകളാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്തു നിന്ന് ശാന്തൻപാറയിലേക്ക് ഒരു സൂപ്പർ ഫാസ്റ്റ് സർവ്വീസ് ആരംഭിച്ചു കഴിഞ്ഞു. എറണാകുളത്തുനിന്നും ശാന്തൻപാറയിലേക്ക് സർവ്വീസ് തുടങ്ങുന്ന കാര്യം പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ധാരാളം പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്ന ഈ മേഖലയിൽ പ്രൈവറ്റ് ബസ്സുമായി മത്സരിച്ചു കെ.എസ്.ആർ.ടി.സി.-യ്ക്ക് സർവ്വീസ് നടത്താൻ കഴിയില്ല.

കാസർഗോഡ് ഗ്രാമങ്ങളിൽ ബസ് സർവ്വീസ്

68 [555] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്-പഞ്ചിക്കൽ റൂട്ടിലും, കാസർഗോഡ്-പഡ്രെ റൂട്ടിലും, കാസർഗോഡ്-സീതാംഗളി-പെർള റൂട്ടിലും, കാസർഗോഡ്-കുമ്പള, കാസർഗോഡ്-ഉപ്പള-ബായാർ റൂട്ടിലും ഓരോ കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ് വീതം സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കാസർഗോഡ്-പഡ്രെ റൂട്ടിലും, കാസർഗോഡ്-സീതാംഗണി-പെർള റൂട്ടിലും സർവ്വീസ് ആരംഭിച്ചു കഴിഞ്ഞു. കാസർഗോഡ്-പഞ്ചിക്കൽ റൂട്ടിലും, കാസർഗോഡ്-കുമ്പള, കാസർഗോഡ്-ഉപ്പള-ബായാർ റൂട്ടിലും ഓർഡിനറി സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കണ്ണൂരിൽ കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സ്

69 [556] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ സ്ഥാപിക്കുന്ന കെഎസ്.ആർ.ടി.സി. ഷോപ്പിംഗ് കോപ്ലംക്സിന്റെ പ്രവൃത്തി എന്നു തുടങ്ങി എന്നു വ്യക്തമാക്കാമോ;

(ബി) ഷോപ്പിംഗ് കോപ്ലംക്സിന്റെ നിർമ്മാണ പ്രവർത്തനം എവിടം വരെ ആയി എന്ന് വ്യക്തമാക്കാമോ;

(സി) ഷോപ്പിംഗ് കോപ്ലംക്സിന്റെ ഉദ്ഘാടനം എന്നുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly